**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **03-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസിന്റെ വിവിധ സുരക്ഷാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് അറ്റ് യുവർ കോൾ, രക്ഷാ ആപ്പ്, കെയർ ലൈഫ്, നിർഭയം ആപ്പ്, പിങ്ക് ജനമൈത്രി, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, പിങ്ക് പട്രോൾ, പിങ്ക് ഹോട്ട് സ്പോട്ട് എന്നീ പദ്ധതികൾ വഴി 2021 മുതൽ 2024 ജനുവരി വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും അതിൽ എത്രയെണ്ണം പരിഹാരം കണ്ടുവെന്ന വിവരവും അറിയിക്കാമോ; | (എ) | പോലീസ് അറ്റ് യുവർ കോൾ, രക്ഷാ ആപ്പ്, കെയർ ലൈഫ്, നിർഭയം ആപ്പ്, പിങ്ക് ജനമൈത്രി, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, പിങ്ക് പട്രോൾ, പിങ്ക് ഹോട്ട് സ്പോട്ട് എന്നീ പദ്ധതികൾ വഴി 2021 മുതൽ 2024 ജനുവരി വരെ 34,197 കോളുകൾ ലഭിക്കുകയും ആയതിൽ എല്ലാ കോളുകളിലും നടപടി സ്വീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 196 ക്രൈം കേസുകളും 1,940 പെറ്റി കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. മറ്റ് കോളുകൾ എല്ലാം തന്നെ ഉചിതമായ രീതിയിൽ പരിഹരിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സുരക്ഷാ പദ്ധതികൾക്കായി 2021-22 മുതൽ നാളിതുവരെ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | 2021-22 സ്റ്റേറ്റ് പ്ലാൻ സ്കീമിൽ പിങ്ക് കൺട്രോൾ റൂം വെഹിക്കിൾ വാങ്ങുന്നതിനായി 43 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും 40,10,216/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.<br><br>2022–23 സ്റ്റേറ്റ് പ്ലാനിൽ, പൊതു, സ്വകാര്യ ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിന്റെ ആദ്യഘട്ടം നടപ്പിൽ വരുത്തുന്നതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും, പ്രസ്തുത 40 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.<br><br>2023-24 സ്റ്റേറ്റ് പ്ലാനിൽ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പിൽ വരുത്തുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും, പ്രസ്തുത 20 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ